## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4689** **22.03.2018-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ചിട്ടി ഇടപാടുകൾ</u>**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ ചിട്ടിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം പരിശോധിക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ ഇടപാടുകളും നിയമങ്ങളും വളരെ സുതാര്യമാണ്. എന്നിരുന്നാലും ഇടപാടുകാർക്ക് ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) | ചിട്ടി പിടിക്കുന്ന ഇടപാടുകാർ ശരിയായ ജാമ്യം നൽകിയാലും ഉദ്യോഗസ്ഥർ അവരെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ; | (ബി) | സാധാരണ ഗതിയിൽ അത്തരത്തിലുള്ള സന്ദർഭങ്ങൾ ഉണ്ടാകാറില്ല. ഏതെങ്കിലും തരത്തിൽ ഇത്തരത്തിലുള്ള സാഹചര്യം ഉണ്ടായാൽ തീർച്ചയായും നടപടി സ്വീകരിക്കും. |
| (സി) | ആൾ ജാമ്യത്തിനുപകരം വസ്തു ജാമ്യം നൽകുമ്പോൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; വസ്തു ജാമ്യം ആദ്യം പരിശോധിക്കുന്നത് ആരാണ്; ഇപ്രകാരം പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ; | (സി) | വസ്തുവിന്റെ അസ്സൽ ആധാരം, പതിമൂന്നു വർഷത്തെ മുന്നാധാരങ്ങൾ, കുടിക്കിട സർട്ടിഫിക്കറ്റ്, നികുതി അടച്ച രസീതുകൾ, ലൊക്കേഷൻ സ്കെച്ച്/ സർട്ടിഫിക്കറ്റ് മറ്റു അനുബന്ധ രേഖകൾ തുടങ്ങിയവ. ശാഖാ മാനേജരാണ് ആദ്യം വസ്തു രേഖകൾ പരിശോധിക്കുന്നത്. വസ്തു പരിശോധിക്കുന്നത് വാല്യുവറടക്കം ഒരു മൂന്നംഗ കമ്മിറ്റിയാണ്. ഉദ്യോഗസ്ഥർ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ റീജിയണൽ മാനേജരും ഓഡിറ്റ് ടീമുകളും സദാ ശാഖകളിൽ സന്ദർശനം നടത്തുന്നുണ്ട്. ഏതെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതായിരിക്കും. |

| | | | |
|---|---|---|---|
| (ഡി) | ഓരോ ജില്ലയിലും പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നത് ആരാണ്; 2010 ജനുവരി മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര അപേക്ഷകൾ പരിശോധിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) | വസ്തു ജാമ്യം പരിശോധിക്കുന്ന വാല്യുവറെ നിയമിക്കുന്നത് ഹെഡോഫീസിന്റെ അനുമതിയോടെ റീജിയണൽ ആഫീസിൽ നിന്നാണ്. കമ്പനി ഓരോ മാസവും 581 ശാഖകളിലായി ഏതാണ്ട് 32900 ചിട്ടികൾ (ഒരു വർഷം ഏതാണ്ട് 394800) നറുക്ക് /ലേലം ചെയ്യുന്നുണ്ട്. അതിൽ എത്ര പേർ 2010 മുതൽ സ്വത്ത് ജാമ്യം നൽകിയെന്നും അപേക്ഷയിൽ എത്രയെണ്ണം പരിശോധിച്ച /നിരസിച്ച എന്നിവയുടെ കൃത്യമായ കണക്ക് ഉടനെ ലഭ്യമല്ല. |
| (ഇ) | കെ.എസ്.എഫ്.ഇ.യിൽ വസ്തു ജാമ്യം നൽകി ചിട്ടി പിടിച്ചവരിൽ എത്ര പേരുടെ വസ്തുവകകൾ ജപ്തി ചെയ്തിട്ടുണ്ട്; ഓരോ ജില്ലയിലെയും 2010 ജനുവരി മുതലുള്ള ജപ്തി വിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | 2010 ജനുവരി മുതൽ ആകെ 6 പേരുടെ വസ്തുവകൾ ജപ്തി ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം 4<br>കൊല്ലം 1<br>ആലപ്പുഴ 1 |
| (എഫ്) | വ്യവസായികളെ പ്രോത്സാഹിപ്പിക്കുവാൻ കെ.എസ്.എഫ്.ഇ. സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എഫ്) | വ്യവസായികൾക്കു വേണ്ടി കച്ചവട വായ്പ എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഇതിനു പുറമെ കെ.എസ്.എഫ്.ഇ യുടെ ചിട്ടി, ചിട്ടി വായ്പ, വ്യക്തിഗത വായ്പ, സ്വർണ്ണപ്പണയ വായ്പ വിവിധ നിക്ഷേപ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ജി) | സ്വയം സഹായ സംഘങ്ങളേയും സ്റ്റാർട്ട് അപ്പ് സംരംഭങ്ങളേയും സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ കെ.എസ്.എഫ്.ഇ. നടപടി സ്വീകരിക്കുമോ? | (ജി) | കെ.എസ്.എഫ്.ഇ യുടെ വിവിധ വായ്പാ പദ്ധതികൾ സ്വയം സഹായ സംഘങ്ങൾക്കും സ്റ്റാർട്ട് അപ്പ് സംരംഭകർക്കും ഉപയോഗപ്പെടുത്താവുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**